


*"To be a model family fellowship based on spirituality, heritage, kinship & love"*

# AFF NEWS LETTER

## ALUNKAL FAMILY FELLOWSHIP
## KANDANAD

(for private circulation among the members only)
(Reg.No.ER184/08)

Website: www.alunkal.com Email: info@alunkal.com

Vol. 12, No.2 May 2020

## PRESIDENTIAL COLUMN

**Dear esteemed members of our Family Fellowship,**

We are now well into the Silver Jubilee year of our Family Organization- by the Grace of our Lord. This is the most appropriate occasion that we can utilize to asses our activities, in relation to the stated objectives . I feel that such introspection would reveal any short comings and enable us to move forward with added vigor and confidence.

As we all rightly know, this Family Fellowship has been formed to invoke and sustain oneness and understanding among all our family members. It is essential that the spirit of oneness govern our attitude and take precedence to every other activity..

When an individual works for an organization, it should be very clear to the concerned person that he or she represents totality of the organization and not a part of any particular group or sub-group. Though everyone has the right to air personal views; it should be uderstood that the same is acceptable to others too. Thus collectivism is the right key- not only to this organization, but also to the entire human civilization. In this respect, we are a blessed lot as our organization has been founded and nurtured by the age-old family values and code of conduct.

AFF wishes you all a continued serene future, devoid of hatred, enmity and antagonism.

**Dr. A.C. Paul**

1995-ൽ സ്ഥാപിതമായ നമ്മുടെ സംഘടന അതിന്റെ സിൽവർ ജൂബിലി വർഷത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. കഴിഞ്ഞകാല പ്രവർത്തനങ്ങളിൽ എന്തെങ്കിലും പോരായ്മകൾ വന്നിട്ടുണ്ടെങ്കിൽ അവ തിരുത്തുവാനുള്ള അവസരവും ഇപ്പോഴാണ്. കുടുംബത്തെ പരിപോഷിപ്പിക്കുക എന്നതാണ് ഈ കൂട്ടായ്മയുടെ പ്രധാനലക്ഷ്യം. ഒരു പരിധിവരെ ഇത് സാദ്ധ്യമായിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ ഇനിയും കൂടുതൽ മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. ഒരു വ്യക്തി സംഘടനയ്ക്കു വേണ്ടി പ്രവർത്തിക്കുമ്പോൾ സങ്കുചിത കൈവെടിയേണ്ടതാണ്. വ്യക്തികൾ എന്ന നിലയിൽ ഉള്ള കാഴ്ചപ്പാടുകൾ, സംഘടനാതലത്തിൽ വരുമ്പോൾ മിതത്വം പാലിക്കപ്പെടേണ്ടതാണ്. "ഞാൻ പറയുന്നത് ശരി" എന്നതിനുപകരം "നമ്മൾ പറയുന്നത് ശരി" എന്നതായിരിക്കണം സംഘടനയുടെ ആപ്തവാക്യം. ഈ പ്രസ്ഥാനത്തിന്റെ സ്ഥാപകർ തന്നെ അത്തരം ഒരു ഉൾക്കാഴ്ചയുടെ പ്രതീകങ്ങളായിരുന്നു. വ്യക്തിവിദ്വേഷവും വൈരാഗ്യങ്ങളും തീണ്ടാത്ത ഒരു പ്രസ്ഥാനമായി ഈ കൂട്ടായ്മ വളരട്ടെ എന്ന് ആശംസിക്കുന്നു.

# Annual General Body Meeting 2020

**( Lilly Varghese )**

ആലുങ്കൽ ഫാമിലി ഫെല്ലോഷിപ്പിന്റെ 20മതു വാർഷിക സമ്മേളനം 2020 ജനുവരി 26 ഞായറാഴ്ച കണ്ടനാട് ശക്രുള്ളമാർ ബസ്സേലിയോസ് സെന്ററിൽ നടന്നു. സമ്മേളനത്തിന്റെ വിശദാംശങ്ങൾ താഴെ വിവരിക്കുന്നു.

അംഗങ്ങളുടെ രജിസ്ട്രേഷൻ ഉച്ചതിരിഞ്ഞ് 2 മണിക്ക് ആരംഭിച്ചു. 3 മണിയോടെ യോഗനടപടികൾക്ക് തുടക്കമായി. ശ്രീമതി ഷീബാ സജിയുടെ പ്രാർത്ഥനാഗാനത്തിനുശേഷം 2019ൽ കുടുംബത്തിൽനിന്ന് വാങ്ങിപ്പോയ ശ്രീമതി ഗ്രേസി അബ്രഹാം, ശ്രീമതി സാലി ആന്റണി, ശ്രീ. ചാക്കോ ആലുങ്കൽ, ശ്രീ. പീലിപ്പോസ് മാത്യു, ശ്രീമതി അച്ചാമ്മ ജോർജ്ജ്, ശ്രീ. ജീമോൻ ജോർജ്ജ്, ശ്രീ. ഐസക്ക് ജേക്കബ്, ശ്രീ. കെ.എ. ജോർജ്ജ് എന്നിവർക്കുവേണ്ടി ശ്രീമതി രശ്മി അരുൺ സംഘടനയുടെ പേരിൽ ശ്രദ്ധാഞ്ജലി അർപ്പിച്ചു. അതേത്തുടർന്ന് സദസ്സിലുള്ള എല്ലാവരും എഴുന്നേറ്റ്നിന്ന് പരേതരുടെ ആത്മാക്കളുടെ നിത്യശാന്തിക്കായി മൗനപ്രാർത്ഥന നിർവ്വഹിച്ചു.

ഡോ. എ.സി. പോൾ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീ. ജെയിംസ് തോമസ് സന്നിഹിതരായ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് ഡോ. പോൾ അദ്ധ്യക്ഷ പ്രസംഗം നിർവ്വഹിച്ചു. വർദ്ധിച്ചുവരുന്ന മൊബൈൽ ഫോണുകളുടെ അമിതമായ ഉപയോഗം ഇത്തരം വ്യക്തിഗത കുടുംബ കൂട്ടായ്മകളെ പ്രതികൂലമായി ബാധിക്കുന്നതായി അദ്ദേഹം നിരീക്ഷിച്ചു. പ്രത്യേകിച്ച് വളർന്നുവരുന്ന തലമുറയുടെ മാനസ്സിക വളർച്ചയ്ക്കും, സാമൂഹ്യപ്രതിബദ്ധതയ്ക്കും ഇത് തടസ്സമാകുന്നുണ്ടോ എന്നത് ഗൗരവതരമായി പഠിക്കേണ്ടതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. "അധികമായാൽ അമൃതും വിഷം" എന്ന സൂക്തവാക്യം എല്ലാവരും ഓർക്കേണ്ടതാണെന്ന് അദ്ദേഹം എടുത്തു പറഞ്ഞു.

തുടർന്ന് ശ്രീമതി ലില്ലി വർഗ്ഗീസ് വാർഷിക റിപ്പോർട്ടും, ശ്രീ. പോൾ മാത്യു വരവുചെലവ് കണക്കുകളും അവതരിപ്പിച്ചു. പ്രസ്തുത റിപ്പോർട്ടുകൾ യോഗം ഐകകണ്ഠ്യേന അംഗീകരിച്ചു. "ശ്രീ. എ.എം. തോമസ് അനുസ്മരണ പ്രഭാഷണം" ശ്രീ.ബാബു കാവനാൽ അവർകൾ നിർവ്വഹിച്ചു. ശ്രീ. തോമസ് ചെയർമാനായിരുന്ന കാലത്താണ് ഖാദിബോർഡിൽ പെൻഷൻ സമ്പ്രദായം ഏർ പ്പെടുത്തിയതെന്നും, അദ്ദേഹത്തിന് അന്നത്തെ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയെ കാണുവാൻ അനുവാദം വാങ്ങാതെ കയറിച്ചെല്ലാമായിരുന്നുവെന്നും, ശ്രീ. എ.എം. തോമസിനെ കാണുമ്പോൾ ശ്രീമതി ഇന്ദിരാഗാന്ധി എഴുന്നേറ്റ് നിൽക്കുകയും "താങ്കളെ ഞാൻ കാണുന്നത് ഗാന്ധിജിയായിട്ടാണ് " എന്ന് പറയുമായിരുന്നു എന്നും അദ്ദേഹം അനുസ്മരിച്ചു..

**മുതിർന്നവരെ ആദരിക്കൽ**

90 അനുഗ്രഹീതവർഷങ്ങൾ പിന്നിട്ട ശ്രീ കുരിയാക്കോ കാവനാൽ, ശ്രീമതി ശോശാമ്മ മത്തായി, ശ്രീ. എ.വി. ജോയി അഞ്ചേരിൽ എന്നിവരെയും 80 വയസ്സ്

പൂർത്തിയാക്കിയ പ്രൊഫ. എ.വി. പോൾ, ഡോ. എ.സി. പോൾ, ശ്രീമതി അന്നാമ്മ അബ്രാഹം എന്നിവരെയും ശ്രീ. ഏലിയാസ് അബ്രാഹം സദസ്സിൽ ആദരിക്കുകയും പൊന്നാട അണിയിക്കുകയും ചെയ്തു. നവദമ്പതികളെ ശ്രീ. എ.എം. യോഹന്നാൻ സദസ്സിന് പരിചയപ്പെടുത്തുകയും സംഘടനയുടെ മംഗളാശംസകൾ നേരുകയും ചെയ്തു. ശ്രീമതി ശാന്ത ജോർജ്ജും, ഡോ. സുരേഷ് മാത്യുവും ആശംസകൾ അർപ്പിച്ചു. കുടുംബാംഗങ്ങൾ തമ്മിൽ കൂടുതൽ ആശയവിനിമയം നടത്താനുള്ള വേദിയാകണം കുടുംബസംഗമം എന്ന് രണ്ടുപേരും ഊന്നിപ്പറഞ്ഞു. കലാപ്രകടനങ്ങൾ : ശ്രീമതി ആനി ബെന്നി, ശ്രീമതി ഷീജാ ശീമോൻ എന്നിവരുടെ ഗ്രൂപ്പ് സോങ്ങും, ശ്രീമതി മോളി ഫിലിപ്പ്, അലിൻഡാ സാജു എന്നിവരുടെ ഗാനങ്ങളും, ബേബി ഇഷാ അനൂബിന്റെ മനോഹരമായ നൃത്തവും വേദിയിൽ അരങ്ങേറി.

ശ്രീ. ജോയി സ്ലീബാ വരണാധികാരിയായി 2020 ലെ പ്രവർത്തക സമിതിയെ സദസ്സ് ഐകകണ്ഠ്യേന തിരഞ്ഞെടുത്തു തുടർന്ന് വിവിധ എൻഡോവ്മെന്റുകളുടെ വിതരണവും, സമ്മാനദാനവും നടത്തപ്പെട്ടു.

## സംഘടനയുടെ വിവിധ എൻഡോവ്മെന്റുകൾക്ക് അർഹരായവർ

### Educational Endowment

.

### Rev.Fr.A.V. Abraham Memorial Endowment

- Amika S. Maria - Govt. Junior Basic School, Kandanad
- Beten Maria Benny - Govt. Junior Basic School, Kandanad
- Linika Lenson - Govt. Junior Basic School, Kandanad
- Chinnu Sabu (Plus Two) St.Mary's Sunday School, Kandanad
- Smt. Saramma Kurian, Smt. Saphira Abraham, Smt. Saramma Varghese,

### Sri. A.V.Mathai, Sri.A.I.Kurian Memorial Endowments

- Albin Reji - 10th Std.
- Kurian Elias - Plus Two

### Smt.Lovely Paul Memorial Medical Endowment

- Prejith P., Patharayil, Kandanad

ശ്രീ. എ.സി. കുഞ്ഞുകുഞ്ഞ്, ശ്രീ. എ.സി. ബേബി മെമ്മോറിയൽ ലക്കിഡിപ്പ് അർഹരായ മൂന്ന് കുടുംബങ്ങൾക്ക് വിതരണം ചെയ്തു. ശ്രീ. ഷെറിൻ ബേബിയുടെ കൃതജ്ഞതയോടെ യോഗം വൈകീട്ട് 6 മണിക്ക് സമാപിച്ചു.

തുടർന്ന്, അതേ വേദിയിൽത്തന്നെ, ചായസത്ക്കാരത്തോടനുബന്ധിച്ച്, പുതുതായി സ്ഥാനമേറ്റ പ്രവർത്തക സമിതിയുടെ പ്രഥമയോഗവും കാര്യപരിപാടികളുടെ ഹൃസ്വമായ അവലോകനവും നടത്തപ്പെട്ടു. പൊതുയോഗത്തിൽ 45 കുടുംബങ്ങളിൽനിന്നായി 114 പേർ പങ്കെടുത്തതായി യോഗം വിലയിരുത്തി. വിശദമായ ചർച്ചകളും വിശകലനങ്ങളും അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലാകാമെന്ന ധാരണയിൽ സമ്മേളനം 6.30 ന് സമാപിച്ചു.

## ആദരിക്കൽ

സംഘടനയുടെ 20ാം വാർഷികവേളയിൽ സംഘടനാസ്ഥാപന പ്രവർത്തന ങ്ങളുമായി ബന്ധപ്പെട്ട ചില വ്യക്തികളെപ്പറ്റി ഇവിടെ പരാമർശിക്കുന്നു.

### Prof. എ.വി. പോൾ

കണ്ടനാട്, ആലുങ്കൽ ശ്രീ. അബ്രാഹാം വർഗ്ഗീസിന്റെയും ശ്രീമതി കുഞ്ഞമ്മ വർഗ്ഗീസിന്റെയും രണ്ടാമത്തെ പുത്രനായി 10.06.1939 ൽ എ.വി. പോൾ ജനിച്ചു. പ്രൈമറി വിദ്യാഭ്യാസം കണ്ടനാടും ഹൈസ്കൂൾ വിദ്യാഭ്യാസം തൃപ്പൂണിത്തുറ SBHS ലുമായിരുന്നു. എറണാകുളം മഹാരാജാസ് കോളേജിൽനിന്ന് ബി.എ യും, എം.എ യും പാസ്സായതിനുശേഷം സെന്റ്. ആൽബർട്സ് കോളേജിൽ ഇകണോമിക്സിൽ ലക്ചററായി ജോലിയിൽ പ്രവേശിച്ചു. 31 വർഷത്തെ സേവനാനന്തരം അദ്ദേഹം പ്രൊഫസർ ആന്റ് ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് എന്ന തസ്തികയിൽനിന്ന് വിരമിച്ചു. ഈ കാലയളവിൽ എൻ.സി.സി. ഓഫീസർ ആയി 20 വർഷം സേവനമനുഷ്ഠിച്ചിട്ടുണ്ട്. LT Commander ആയിട്ടാണ് അദ്ദേഹം റിട്ടയർ ചെയ്തത്. പ്രശസ്ത സേവനത്തിന് രാഷ്ട്രപതിയിൽനിന്നും Honorary Commission (Major) എന്ന ബഹുമതിയും ഇദ്ദേഹത്തിന് ലഭിച്ചു. പ്രൊഫ. പോൾ ഒരു എഴുത്തുകാരൻ കൂടിയാണ്. 1973ൽ പ്രീഡിഗ്രി വിദ്യാർത്ഥികൾക്കായി പുസ്തകങ്ങൾ എഴുതുവാൻ തുടങ്ങി. പിന്നീട് ഡിഗ്രി കോഴ്സുകളിലേയ്ക്കും പുസ്തകങ്ങൾ രചിച്ചു. ആ പ്രക്രിയ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. ഇംഗ്ലീഷിലും മലയാളത്തിലുമായി 23 പുസ്തകങ്ങൾ ഇതുവരെ അദ്ദേഹം എഴുതിയിട്ടുണ്ട്. നമ്മുടെ ഫെല്ലോഷിപ്പിന്റെ പ്രഥമ ജന. സെക്രട്ടറി പ്രൊഫ. എ.വി. പോൾ അവർകൾ ആയിരുന്നു. അദേഹം വിവാഹം ചെയ്തിരിക്കുന്നത് മുളന്തുരുത്തി കോട്ടൂർ ശ്രീ. തോമസിന്റെയും ശ്രീമതി ശോശാമ്മയുടെയും മകൾ വത്സലയെയാണ്. ഇവർക്ക് രണ്ട് മക്കൾ. ഷിബി നെബു, എൽദോ പോൾ.

പ്രൊഫ. പോളിനും കുടുംബാംഗങ്ങൾക്കും എല്ലാ ആയുരാരോഗ്യങ്ങളും നേരുന്നു.

### ഡോ. എ. സി. പോൾ

കടുങ്ങമംഗലം ആലുങ്കൽ (അത്താപ്പിള്ളിൽ) പരേതനായ ശ്രീ. എ.ടി. ചാക്കോ മാസ്റ്റർ അവർകളുടെയും, പാടത്ത് ശ്രീമതി അന്നമ്മയുടെയും ഇളയ മകനായി 1939 ജൂലൈ 4 ന് ജനിച്ചു. കടുങ്ങമംഗലത്തും തൃപ്പൂണിത്തുറയിലുമായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം എറണാകുളം മഹാരാജാസ് കോളേജിൽ നിന്ന് പ്രീ യൂണിവേഴ്സിറ്റിയും, ബി.എസ്സ്.സി (കെമിസ്ട്രി) ഡിഗ്രിയും കരസ്ഥമാക്കി. തുടർന്ന് ബോംബെ(ട്രോംബെ)യിലുള്ള ബാബാ അറ്റോമിക് റിസർച്ച് സെന്ററിൽ (BARC) സയന്റിസ്റ്റായി ജോലി ലഭിച്ചു. ജോലിയിൽ ഇരിക്കെത്തന്നെ അണുശക്തിനിലയത്തിൽ നടത്തിയ പഠനങ്ങളുടെ മികവിൽ ബോംബെ യൂണിവേഴ്സിറ്റിയിൽനിന്നും എം.എസ്സ്.സി (റിസർച്ച്) ഡിഗ്രി കരസ്ഥമാക്കി. തുടർന്ന് പ്രകൃതിദത്ത റേഡിയേഷനുമായി ബന്ധപ്പെട്ട കൂടുതൽ പഠനങ്ങൾക്കായി ആലുവ ഏലൂർ മേഖലയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ റെയർ എർത്ത്(IRE) എന്ന സ്ഥാപനത്തിലേയ്ക്ക് നിയമിക്കപ്പെടുകയും ഹെൽത്ത് ഫിസിക്സ് ആന്റ് എൺവയോൺമെന്റൽ റേഡിയോളജിക്കൽ ലാബോറട്ടറിയുടെ ഓഫീസർ ഇൻ ചാർജ്ജ് സ്ഥാനം ഏൽക്കു

കയും ചെയ്തു. പിന്നീട് അദ്ദേഹം നടത്തിയ പഠനങ്ങൾ പെരിയാർ നദിയിലെയും, കേരളം, തമിഴ്നാട്, ആന്ധ്ര, ഒറീസ്സ എന്നീ സംസ്ഥാനങ്ങളുടെ തീരപ്രദേശങ്ങളിലുള്ള പ്രകൃതിദത്ത റേഡിയേഷനെയും, ദാതുസമ്പത്തിനെയും പരാമർശിക്കുന്നു. സമഗ്രമായ ഈ പഠനത്തിന് അദ്ദേഹത്തിന് ബോംബെ യൂണിവേഴ്സിറ്റിയിൽ നിന്നും പി.എച്ച്.ഡി ബിരുദവും ലഭിച്ചു. അദ്ദേഹത്തിന്റെ പഠനങ്ങളെ പരാമർശിക്കുന്ന 300 ലേറെ ശാസ്ത്രലേഖനങ്ങൾ ആഗോളതലത്തിൽ പ്രാചാരമുള്ള പല ശാസ്ത്ര മാസികകളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുടർന്ന് ഇന്റർനാഷ്ണൽ ആറ്റോമിക് എനർജി ഏജൻസി(IAEA), വിയന്ന അദ്ദേഹത്തെ പരിസ്ഥിതി - റേഡിയേഷൻ, എക്സ്പെർട്ട് ആയി അംഗീകരിക്കുകയും ചെയ്തു. ബ്രസീൽ, മലേഷ്യ എന്നീ രാജ്യങ്ങളിൽ അദ്ദേഹം അത്തരത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. 1999 ജൂലൈയിൽ അദ്ദേഹം ഔദ്യോഗികമായി സർവ്വീസിൽനിന്ന് വിരമിച്ചു. തുടർന്ന് ആറു വർഷത്തോളം പരിസ്ഥിതി ശാസ്ത്ര അഡ്വൈസർ പദവിയിൽ തുടർന്നു. 2004 മുതൽ നമ്മുടെ ഫാമിലി ഫെലോഷിപ്പിന്റെ പ്രസിഡന്റായി പ്രവൃത്തിക്കുന്നു.
മകൻ : അരുൺപോൾ, മരുമകൾ : രെസ്മി അരുൺ

## അന്നാമ്മ അബ്രാഹം

ആലുങ്കൽ പുത്തൻപുരയിൽ റവ. ഡീക്കൺ അബ്രാഹാം അവർകളുടെ സഹധർമ്മിണിയാണ് ശ്രീമതി അന്നമ്മ. പൂതൃക്ക, കുന്നത്ത് ശ്രാതോട്ടത്തിൽ ശ്രീ അബ്രാഹാമിന്റെയും ശ്രീമതി മറിയാമ്മയുടെയും മകളായി 13.7.39ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ഹൈസ്കൂളിൽ. തുടർന്ന് ബോംബെ ജെ.ജെ. മെഡിക്കൽ കോളേജിൽ നേഴ്സിങ്ങ് പഠിച്ചതിനുശേഷം കുറച്ചു നാൾ അവിടെത്തന്നെ ജോലിയിൽ പ്രവേശിച്ചു. പിന്നെ സൗദി അറേബ്യയിൽ നേഴ്സിങ്ങ് ജോലി ആരംഭിച്ചു. റവ. ഡീക്കൺ അബ്രാഹാമുമായുള്ള വിവാഹ ശേഷം അമേരിക്കയിലേക്ക് പോയി. 50 വർഷത്തോളമായി അവിടെ സ്ഥിരതാമ സമാണ്. റവ. ഡോ. അബ്രാഹാം - അന്നാമ്മ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ : സൂസൻ, മേരി.

തെർമൽ അനാലിസിസ് ഗവേഷണത്തിന് ഇന്ത്യൻ തെർമൽ അനാലിസിസ് സൊസൈറ്റി ഏർപ്പെടുത്തിയ നെറ്റ്സ്-ഇറ്റാസ് പുരസ്കാരം നേടിയ സുരേഷ് മാത്യു. എംജി സർവകലാശാല കെമിക്കൽ സയൻസസ് പ്രഫസറാണ്. സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് മുൻ ഡയറക്ടറും അഡ്വാൻസ്ഡ് മോളിക്യുലർ മെറ്റീരിയൽസ് റിസർച്ച് സെന്റർ സ്ഥാപക ഡയറക്ടറുമാണ്.



**Merit Award**

**Award for MGU professor**

THIRUVANANTHAPURAM

Suresh Mathew, Professor, School of Chemical Sciences, Mahatma Gandhi University, has won the Netzsch ITAS Award 2020 instituted by the Indian Thermal Analysis Society (ITAS) for his contributions in thermal analysis research. He was presented the award by former Atomic Energy Commission chairman R.K. Sinha at a function at the Bhabha Atomic Research Centre in Mumbai on Thursday.

## തളരാത്ത മനസ്സും തകരാത്ത പ്രതീക്ഷയും

**സാനുബ കുര്യൻ**

ആരുടെ ജീവിതത്തിലും പ്രതിസന്ധികളും പ്രതിബന്ധങ്ങളും ഉണ്ടാകാം. അവയോട് നാം എങ്ങിനെ പ്രതികരിക്കുന്നു എന്നതാണ് പ്രധാനം. സർഗ്ഗാത്മകമായി ചിന്തിക്കുന്നവരും ക്രിയാത്മകമായി പ്രതികരിക്കുന്നവരും കയ്പ്പിനെ മധുരമാക്കി മാറ്റുന്നു. തങ്ങളുടെ പരിമിതികളെ വിജയത്തിനുള്ള ഉപാധികളായി മാറ്റുന്നു. അവർ സ്വന്തം ജീവിതത്തെ ഭാസുരമാക്കുന്നു എന്ന് മാത്രമല്ല മറ്റുള്ളവരുടെ ജീവിതത്തിലും പ്രകാശം ചൊരിയുന്നു. ശുഭപ്രതീക്ഷയും സർഗ്ഗാത്മക മനോഭാവവും പുലർത്തുന്നവർക്ക് പ്രതിസന്ധികളെ ധീരതയോടെ നേരിടാനും വിജയകരമായി തരണം ചെയ്യുവാനും സാധിക്കും. മനസ്സിന്റെ കരുത്ത് സുപ്രധാനമാണ്. മനോഭാവം നിർണ്ണായകവും. മാരകങ്ങളായ രോഗങ്ങളെപ്പോലും മനസ്സിന്റെ സർഗ്ഗാത്മകചിന്തയിൽക്കൂടി കീഴടക്കുവാൻ ഒരുപരിധിവരെ സാധിക്കും. മറിച്ച് മനസ്സിൽ നിരാശയും അശുഭചിന്തകളും കടന്നെത്തിയാൽ ശരീരത്തെ അത് ബാധി ക്കുകയും രോഗത്തിന്റെ കടന്നാക്രമണത്തിന് വാതിൽതുറന്ന് കൊടുക്കുകയും ചെയ്യും. പ്രാർത്ഥനാപൂർവ്വം സാഹചര്യങ്ങളെ നേരിടുക. അലസമായിട്ടിരിക്കാതെ കർമ്മനിരതനാകുക. നിരാശയും നിഷ്ക്രിയത്വവും ഒഴിവാക്കുക. ഉയർന്നുവരുന്ന അമർഷവും വിരക്തിയും അവഗണിക്കുക. പ്രവർത്തിക്കുവാൻ ഒരു പദ്ധതി കണ്ടെത്തുക. നിശ്ചയദാർഢ്യവും, കർമോത്സുകതയും, സേവനസന്നദ്ധതയും, ഔദാര്യമനോഭാവവും നമ്മളെ മറ്റാരു വ്യക്തിയാക്കിമാറ്റും. എന്തിനോടും ക്രിയാത് മകമായി പ്രതികരിക്കുക. അത് വലിയ മാറ്റത്തിനും സംഭവിവികാസങ്ങൾക്കും ഇടയാക്കും. നാം അഭിമുഖീകരിക്കുന്ന പ്രതിസന്ധികളും, ദുരന്തങ്ങളും, ദുർഘടങ്ങളും എത്രതന്നെ ഗുരുതരമായാലും അവയോട് നാം പുലർത്തുന്ന മനോഭാവമാണ് പ്രധാനം. അതിനെ അതിജീവിക്കുവാൻ കഴിയുന്നത് പോസിറ്റീവ് ആയിട്ടുള്ള ഒരു വീക്ഷണം പുലർത്തുന്ന തിനാലാണ്. ഓരോ വ്യക്തിയിലും നന്മയുടെ കണങ്ങൾ നിശ്ചയമായും ഉണ്ട്. അവ കണ്ടെ ത്താനും അഭിനന്ദിക്കുവാനുമാകണം നമ്മുടെ ഉത്സാഹം. നമ്മുടെ സമീപനവും മനോഭാവവും നമ്മുടെ തനിമ വെളിപ്പെടുത്തുന്നു. അവയിൽ വൈകല്യമുണ്ടെങ്കിൽ അവ മാറ്റുവാനുള്ള മനോബലവും, ഇച്ഛാശക്തിയും ദൈവം നമുക്ക് നൽകിയിട്ടുണ്ട്. നാമത് വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തണമെന്നുമാത്രം.

നമ്മുടെ പ്രാർത്ഥനയും ചിന്തയും പ്രവൃത്തിയുമെല്ലാം തളരാത്ത മനസ്സും തകരാത്ത പ്രതീക്ഷകളുമുള്ള ഒരു പുതിയ വ്യക്തിയായി നമ്മെ മാറ്റട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## വേർപാടുകൾ

**ഐസക് ജേക്കബ് കോട്ടയം** : ഉള്ളാട്ടിൽ ശ്രീ. ഐസക് ജേക്കബ് 21.10.2019 ൽ മദ്രാസിൽ നിര്യാതനായി. മദ്രാസ് എം.ആർ.എഫിൽ ഉദ്യോഗസ്ഥനായിരുന്നതുകൊണ്ട് അവിടെ സ്ഥിരതാമസമായിരുന്നു. സംസ്ക്കാരം കോട്ടയം പുത്തൻപള്ളിയിൽനടത്തി. അദ്ദേഹം വിവാഹം ചെയ്തിരുന്നത് ആലുങ്കൽ (കുപ്പച്ചേരിൽ) ശ്രീ. വർഗ്ഗീസിന്റെയും ശ്രീമതി ശോശാമ്മയുടെയും മകൾ ലിസ്സിയെയാണ്. മക്കൾ : അനിത, സോണിയ.

**കെ.എ. ജോർജ്ജ് കുന്നംകുളം** : പടഞ്ഞിമൂലേപ്പാട്ട് ശ്രീ. കെ.എ. ജോർജ്ജ് 80ാം വയസ്സിൽ നിര്യാതനായി. സംസ്ക്കാരം പാലാരിവട്ടം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ സെമിത്തേരിയിൽ നടത്തി. ശ്രീ. ജോർജ് വിവാഹം ചെയ്തിരിക്കുന്നത് ആലുങ്കൽ (പടിഞ്ഞാറേ തുരുത്തേൽ) പരേതയായ ശ്രീമതി കുട്ടിയമ്മയെയാണ്. മക്കൾ : ജിജി, പരേതനായ ജീമോൻ.

***പരേതർക്ക് നിത്യശാന്തി നേരുന്നു.***